പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6367

03.04.2018-ൽ മറുപടിയ്ക്ക്

## കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കാട്ടുതീമൂലം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര ഹെക്ടർ വനമാണ് കത്തി നശിച്ചത്; | (എ) സംസ്ഥാനത്ത് കാട്ടുതീമൂലം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 5221.63 ഹെക്ടർ വനം കത്തി നശിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് കാട്ടുതീ സാധ്യത ഏറിയ വന മേഖല ഏതൊക്കെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവിടെ എന്തൊക്കെ അധിക സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്ത് കാട്ടുതീ സാധ്യത ഏറിയ വന മേഖലയിൽ ഒരുക്കിയിട്ടുള്ള അധിക സംവിധാനങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) കാട്ടുതീ തടയുന്നതിന് വനപാലകർ ഇപ്പോഴും കാലഹരണപ്പെട്ട മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക ഉപകരണങ്ങൾ അവർക്ക് നൽകുന്നതിനും അവയിൽ പരിശീലനം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (സി) കാട്ടുതീ തടയുന്നതിന് വനപാലകർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നതിനും അവയിൽ പരിശീലനം നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

V.Beena
സെക്ഷൻ ഓഫീസർ

# അനുബന്ധം I

ഓരോ ഫോറസ്റ്റ് ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, കാട്ടുതീ സംബന്ധിച്ച് മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High/Moderate/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു.

വനമേഖലകളിൽ കാട്ടുതീ വ്യാപനം തടയുന്നതിലേയ്ക്കായി ഫയർലൈനുകൾ തെളിച്ചിട്ടുള്ളതും, ഫയർവാച്ചർമാരെയും, ഫയർഗാങ്ങിനേയും നിയോഗിച്ചിട്ടുള്ളതുമാണ്.

കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി ബോധവൽക്കരണ പരിപാടികളും, ലഘുലേഖ വിതരണം, റാലികൾ/തെരുവ് നാടകം/പരിസ്ഥിതി മാജിക്ക്/റോഡ്ഷോ എന്നിവ സംഘടിപ്പിച്ചു. കൂടാതെ പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം നൽകുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും എക്സിബിഷനുകളും, സൗജന്യ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയും, പോക്കറ്റ് കലണ്ടറുകൾ തുടങ്ങിയ പ്രചരണോപാധികൾ വിതരണം നടത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

ഫയർ & റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ വിവിധ ഡിവിഷനുകളിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. പല ഡിവിഷനുകളിലും ഫയർ ഗ്യാംഗുകളിലെ ജീവനക്കാർക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സമാനമായ പരിശീലനം നൽകിയിട്ടുണ്ട്.

കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനോടൊപ്പം, കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. കാട്ടുതീ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും ഉപയോഗിക്കുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. വാച്ചർമാർക്കും, സ്റ്റാഫിനും, ഷൂ, ഫയർബീറ്റർ. സ് പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിങ്ങ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോ മാക് പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr.Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

K Beena

സെക്ഷൻ ഓഫീസർ